**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1888** — **29-07-2021 - ൽ മറുപടിയ്ക്ക്**

**അയ്യൻകുന്ന് , വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റ് യൂണിറ്റുകളിലെ പശ്ചാത്തല സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ കൈപ്പറമ്പ് പഞ്ചായത്തിലെ മുണ്ടൂരിലെ അയ്യൻകുന്ന് , വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റ് യൂണിറ്റുകളിലെ കുടിവെള്ള ലഭ്യത, വൈദ്യുതി തടസ്സം, ചുറ്റുമതിൽ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന പശ്ചാത്തല സൗകര്യ വികസനം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റ് യൂണിറ്റുകളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി RMU Installationനു വേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കെ.എസ്.ഇ.ബി-യ്ക്ക് കൈമാറുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. എസ്റ്റേറ്റിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി തുക കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യവസായ എസ്റ്റേറ്റുകളിൽ അനുവദിച്ച പ്ലോട്ടുകളിലെ യൂണിറ്റുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ 3 യൂണിറ്റുകൾ ഒഴികെ ബാക്കിയുള്ളവ കൃത്യമായി പ്രവർത്തിച്ചു വരുന്നു. |
| (സി) | ഈ എസ്റ്റേറ്റുകളിൽ ഏതെങ്കിലും പ്ലോട്ടുകൾ ഇനി അനുവദിക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ എസ്റ്റേറ്റുകളിൽ നിലവിൽ പ്രവർത്തനം നിർത്തലാക്കിയ യൂണിറ്റുകൾ ഉണ്ടോ; | (ഡി) | 3 യൂണിറ്റുകൾ ഉണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഇ) | 2 യൂണിറ്റുകൾ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. ഒരു യൂണിറ്റ് ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ട് ആണ്. |

സെക്ഷൻ ഓഫീസർ